ശ്രീ. പി. ഗോപാലൻ : കഴിഞ്ഞവർഷം ശബരിമലയാത്രാവേളയിൽ മോട്ടോറപകടത്തിൽപ്പെട്ട കണ്ണൂർകാരൻ ഒരു ഗോവിന്ദമാരാരുടെ മരണത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ കുടുംബങ്ങൾക്ക നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി അനേകം പ്രാവശ്യം ഗവണ്മെന്റിൽ നിവേദനങ്ങൾ നടത്തീട്ടും ഇതേവരെ ഒരു തീരുമാനവുമുണ്ടായിട്ടില്ല, ഇനിയെങ്കിലും അതു സംബന്ധിച്ച വല്ല തീരുമാനവുമെടുക്കുമോ ;

ശ്രീ. കെ. ടി. അച്യുതൻ : എന്റെ ഓമ്മയിൽ നിന്നും ഇപ്പോൾ പറയാൻ നിവൃത്തിയില്ല, അന്വേഷിക്കട്ടെ.

അനാഥരായ വിധവകൾക്ക സഹായം നൽകുന്ന പദ്ധതി.

* 263. [2] ശ്രീ. ടി. ഓ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥരായ വിധവകൾക്ക സഹായം നൽകുന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എത്രപേർക്ക് സഹായം നൽകിയിട്ടുണ്ട് ;

(സി) എത്ര അപേക്ഷകൾ ഇതിനകം ലഭിച്ചു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി), (സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കെ. ഹസ്സൻഗനി : ഇതു എപ്പോഴാണ് നടപ്പിൽവരാൻ തുടങ്ങിയതു ?

ശ്രീ, ആർ. ശങ്കർ ; 1–1–1964–ൽ.

ശ്രീ. പി. രവീന്ദ്രൻ : വിവരം ശേഖരിച്ചുവരുന്നു എന്നു പറഞ്ഞു. ഇങ്ങനെ ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്നു കഴിഞ്ഞ ബഡ്ജറ്റ് അവതരണവേളയിൽ പറഞ്ഞിരുന്നതാണ്. എന്നിട്ട ഇതുവരെ ആക്ഷം ഈ സഹായം കൊടുക്കാതിരുന്നതിന്റെ കാരണം എന്താണ് ?

ശ്രീ. ആർ. ശങ്കർ : അതിനാവശ്യമായ രൂപകം അംഗീകരിച്ചുവന്നതു ഈ ഡിസംബർ മാസത്തിലാണ്. അതിനു പല്ലയിടത്തും അപേക്ഷകൾ കൊടുത്തിട്ടുള്ളതായി അറിയാം. പക്ഷെ, ഇതേപ്പറ്റിയുള്ള വിവരങ്ങൾ ഇപ്പോൾ നൽകാൻതക്കവണ്ണം ശേഖരിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ : 1962–63–ൽ ഇതിലേയ്ക്കുവേണ്ടി ഒരു സംഖ്യ വകകൊള്ളിച്ചിരുന്നതാണ്. ഇനിയും ഈ നടപ്പുവർഷത്തിൽ അതിൽ നിന്നും ഒരു സംഖ്യയും ചെലവാകുകയില്ലാ എന്നു കരുതാമോ ?

ശ്രീ. ആർ. ശങ്കർ : രണ്ടുലക്ഷം രൂപയാണ് അതിലേയ്ക്കുവേണ്ടി വകകൊള്ളിച്ചിരുന്നതു. ആ തുക മുഴവനും ചെലവാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly